Deivarajyam March 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1 March 2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

വാല്യം 53
മാർച്ച് 2014
ലക്കം 3





2014 ഫെബ്രുവരി 13 –ാം തീയതി
അഭിവന്ദ്യ
മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ്
കൂദാശകർമ്മം നിർവഹിച്ച
തൊടുപുഴ
സെന്റ് സെബാസ്റ്റ്യൻ ഫൊറോന ദൈവാലയം.



ബാംഗ്ലൂർ സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് സയൻസസിന്റെ
(St John's Medical College and Hospital)
ഡയറക്ടറായി C.B.C.I. നിയമിച്ച
റവ. ഡോ. പോൾ പാറത്താഴത്തിന്
രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും !!!



ജീവ മിൽക്ക്, പരീക്കണ്ണി നടപ്പാക്കിയ 101 കുട്ടികൾക്കുള്ള
സ്കോളർഷിപ്പിന്റെ വിതരണം 17.02.2014 – ൽ മൂവാറ്റുപുഴ
നെസ്റ്റിൽ വച്ച് കോതമംഗലം മെത്രാൻ
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിക്കുന്നു.
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ്,
ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ,
മാനേജർ ഡോ. ജെ. സേവ്യർ എന്നിവർ സമീപം.

# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIII No. 3 March 2014


## നോമ്പുകാല സന്ദേശം - 2014

### ഫ്രാൻസിസ് മാർപാപ്പാ

*"അവൻ നിങ്ങളെപ്രതി ദരിദ്രനായി; തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ"* (cf *2 കോറി. 8:9*)

പ്രിയസഹോദരീസഹോദരന്മാരേ,

1. നോമ്പുകാലം സമീപസ്ഥമായിരിക്കുന്ന ഈ സന്ദർഭത്തിൽ, വ്യക്തികളും സമൂഹവുമെന്ന നിലയിൽ നമ്മുടെ മാനസാന്തരത്തിന്റെ മാർഗത്തെക്കുറിച്ച് സഹായകരമായ ചില ചിന്തകൾ നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ചിന്തകൾ വിശുദ്ധ പൗലോസിന്റെ വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടവയാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി, തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻവേണ്ടിത്തന്നെ" (2 കോറി. 8:9). അപ്പസ്തോലൻ കോറിന്തിലെ ക്രിസ്ത്യാനികൾക്ക് എഴുതുകയായിരുന്നു. ആവശ്യത്തിൽപ്പെട്ട ജറുസലെമിലെ ക്രിസ്ത്യാനികളെ ഔദാര്യപൂർവം സഹായിക്കാൻ വേണ്ടിയാണ് എഴുതിയത്. വിശുദ്ധ പൗലോസിന്റെ ഈ വാക്കുകൾക്ക് ഇന്ന് നമ്മെ സംബന്ധിച്ച് എന്ത് അർത്ഥമാണുള്ളത്? ദാരിദ്ര്യത്തിലേക്ക്, പ്രത്യേകിച്ചു സുവിശേഷപരമായ ദാരിദ്ര്യത്തിലേക്ക് ഉള്ള, ഈ ക്ഷണത്തിനുള്ള അർത്ഥമെന്താണ്?



### ക്രിസ്തുവിന്റെ കൃപ

2. ഒന്നാമതായി, ദൈവം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഇതു കാണിക്കുന്നു. അവിടന്ന് ലൗകികാധികാരത്തിന്റെയും സമ്പത്തിന്റെയും വസ്ത്രമണിഞ്ഞ് സ്വയം വെളിപ്പെടുത്തുന്നില്ല. മറിച്ച് ദൗർബല്യത്തിന്റെയും ദാരിദ്ര്യത്തിന്റെയും വേഷമണിഞ്ഞ് അവിടന്ന് കാണപ്പെട്ടു. "അവിടന്ന് സമ്പന്നനായിരുന്നിട്ടും നിങ്ങളെ പ്രതി ദരിദ്രനായി". ക്രിസ്തു, ദൈവത്തിന്റെ നിത്യനായ പുത്രൻ, അധികാരത്തിലും മഹത്ത്വത്തിലും പിതാവിനോട് ഒന്നായിരിക്കുന്നവൻ, ദരിദ്രനാകാൻ ഇഷ്ടപ്പെട്ടു. അവിടന്ന് നമ്മുടെയിടയിലേക്കു വന്നു. നമ്മിൽ ഓരോരുത്തരുടെയും അടുക്കലേക്കു വന്നു. അവിടന്ന് തന്റെ മഹത്ത്വം മാറ്റിവച്ച് സ്വയം ശൂന്യനായി. എല്ലാകാര്യങ്ങളിലും നമ്മെപ്പോലെയാകാൻവേണ്ടിത്തന്നെ (cf ഫിലി. 2:7; ഹെബ്രാ. 4:15). ദൈവം മനുഷ്യനായിത്തീർന്നുവെന്നത് വലിയ രഹസ്യമാണ്! എന്നാൽ ഇതിന്റെയെല്ലാം കാരണം അവിടത്തെ സ്നേഹമാണ്. കൃപയും ഔദാര്യവുമായിട്ടുള്ള സ്നേഹം, അടുത്തുവരാനുള്ള ആഗ്രഹം, സ്നേഹിക്കപ്പെട്ട വ്യക്തിക്കുവേണ്ടി സ്വയം ബലിയായി സമർപ്പിക്കുന്നതിൽ ശങ്കിക്കാത്ത സ്നേഹം. നമ്മൾ എല്ലാ കാര്യത്തിലും സ്നേഹിക്കുന്ന വ്യക്തിയുമായി പങ്കുവയ്ക്കുന്നു. അത് പരസ്നേഹമാകുന്ന സ്നേഹമാണ്. സ്നേഹം നമ്മെ സദൃശ്യരാക്കുന്നു. അത് സമത്വം സൃഷ്ടിക്കുന്നു. അത് വിഭജന ഭിത്തികളെ തകർക്കുകയും അകല്ച്ച ഇല്ലാതാക്കുകയും ചെയ്യുന്നു. ദൈവം നമ്മോട് ഇപ്രകാരമാണ് പ്രവർത്തിച്ചത്. യഥാർത്ഥത്തിൽ യേശു "സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ചു. മാനുഷിക മനസ്സോടെ ചിന്തിച്ചു. മാനുഷിക തിരഞ്ഞെടുപ്പുവഴി പ്രവർത്തിച്ചു. മാനുഷിക ഹൃദയത്തോടെ സ്നേഹിക്കുകയും ചെയ്തു. കന്യകാമറിയത്തിൽ നിന്നു ജനിച്ച അവിടന്ന് യഥാർത്ഥത്തിൽ നമ്മിൽ ഒരാളായി. പാപമൊഴികെ എല്ലാറ്റിലും നമ്മേപ്പോലെയായി" (ഗാവുദിയും എത്ത് സ്പെസ്, 22).

3. യേശു തന്നെത്തന്നെ ദരിദ്രനാക്കി. അവിടന്ന് ദാരിദ്ര്യത്തിനുവേണ്ടി ദാരിദ്ര്യത്തെ സ്നേഹിച്ചില്ല. പിന്നെയോ വിശുദ്ധ പൗലോസ് പറയുന്നതുപോലെ "തന്റെ ദാരിദ്ര്യംകൊണ്ട് നിങ്ങൾ സമ്പന്ന രാകാൻ വേണ്ടി" ദാരിദ്ര്യം അന്വേഷിച്ചു. ഇത് വാക്കുകൾകൊണ്ടുള്ള കളിയല്ല; സൂചനാത്മകശൈലിപ്രയോഗമല്ല. പിന്നെയോ ഇത് ദൈവ

ത്തിന്റെ യുക്തിയുടെ സംക്ഷേപമാണ്; സ്നേഹത്തിന്റെ യുക്തിയുടെ, മനുഷ്യാവതാരത്തിന്റെയും കുരിശിന്റെയും യുക്തിയുടെ, സംക്ഷേപം. ഭക്തികൊണ്ടും പരക്ഷേമചിന്തകൊണ്ടും ഒരുവൻ തന്റെ സമൃദ്ധിയിൽനിന്ന് ധർമ്മം കൊടുക്കുന്നതുപോലെ നമ്മുടെ രക്ഷ സ്വർഗത്തിൽനിന്ന് വീഴാൻ ദൈവം അനുവദിച്ചില്ല. ക്രിസ്തുവിന്റെ സ്നേഹം വ്യത്യസ്തമാണ്. യേശു യോർദാൻ നദിയിലെ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങുകയും സ്നാപകയോഹന്നാനിൽനിന്ന് മാമ്മോദീസ സ്വീകരിക്കുകയും ചെയ്തു. അവിടത്തേക്ക് പശ്ചാത്താപത്തിന്റെയോ മാനസാന്തരത്തിന്റെയോ ആവശ്യമുണ്ടായിരുന്നതുകൊണ്ടല്ല അങ്ങനെ ചെയ്തത്. പാപപ്പൊറുതി ആവശ്യമുള്ളവരുടെയിടയിൽ, പാപികളായ നമ്മുടെയിടയിൽ, ആയിരിക്കാനും നമ്മുടെ പാപങ്ങളുടെ ഭാരം വഹിക്കാനും വേണ്ടിയാണ് അങ്ങനെ ചെയ്തത്. ഇങ്ങനെ, നമ്മെ ആശ്വസിപ്പിക്കാനും രക്ഷിക്കാനും നമ്മുടെ ദുരിതത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കാനും അവിടുന്ന് നിശ്ചയിച്ചു. "ക്രിസ്തുവിന്റെ സമ്പത്തുകൊണ്ടല്ല അവിടത്തെ ദാരിദ്ര്യംകൊണ്ടാണ് നമ്മൾ സ്വതന്ത്രരാക്കപ്പെട്ടത്" എന്ന അപ്പസ്തോലന്റെ പ്രസ്താവന ശ്രദ്ധേയമാണ്. എന്നാലും ക്രിസ്തുവിന്റെ ദുർഗ്രഹ സമ്പന്നതയെക്കുറിച്ച് വിശുദ്ധ പൗലോസിന് നന്നായിട്ട് അറിയാം (എഫേ. 3:8). അവിടുന്ന് "എല്ലാറ്റിന്റെയും അവകാശി"യാണെന്നു അദ്ദേഹത്തിനറിയാം (ഹെബ്രാ. 1:2).

4. അതുകൊണ്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കാനും സമ്പന്നരാക്കാനും ഉപയോഗിക്കുന്ന ഈ ദാരിദ്ര്യം എന്താണ്? അത് അവിടുന്ന് നമ്മെ സ്നേഹിക്കുന്ന രീതിയാണ്. മരണാസന്നനായി വഴിയരുകിൽ ഉപേക്ഷിക്കപ്പെട്ട മനുഷ്യന് നല്ല സമറായൻ അയൽക്കാരനായതുപോലെ (cf ലൂക്കാ 10:25 ff) നമ്മുടെ അയൽക്കാരനായിരിക്കുന്ന രീതിയാണ്. അവിടുത്തെ സ്നേഹത്തിന്റെ കാരുണ്യവും അനുകമ്പയും ഐക്യദാർഢ്യവുമാണ് നമുക്ക് യഥാർത്ഥമായ സ്വാതന്ത്ര്യവും രക്ഷയും സന്തോഷവും നല്കുന്നത്. നമ്മെ സമ്പന്നരാക്കുന്ന ക്രിസ്തുവിന്റെ ദാരിദ്യമെന്നത് നമ്മോടുള്ള ദൈവത്തിന്റെ അനന്തമായ കാരുണ്യത്തിന്റെ പ്രകടനമെന്ന നിലയിൽ അവിടന്ന് നമ്മുടെ ശരീരം സ്വീകരിക്കുകയും നമ്മുടെ ദൗർബല്യങ്ങളും പാപങ്ങളും വഹിക്കുകയും ചെയ്തു എന്നതാണ്. ക്രിസ്തുവിന്റെ ദാരിദ്ര്യം സർവോത്കൃഷ്ടമായ നിധിയാണ്. യേശുവിന് പിതാവായ ദൈവത്തിലുള്ള അതിരറ്റ വിശ്വാസം, സ്ഥിരമായ ആത്മധൈര്യം, എപ്പോഴും പിതാവിന്റെ ഇഷ്ടം മാത്രം നിറവേറ്റാനും അവിടത്തേക്കു നന്ദിപറയാനുമുള്ള ആഗ്രഹവും ആണ് അവിടുത്തെ സമ്പത്ത്. താൻ സ്നേഹിക്കപ്പെടുന്നുവെന്നു തോന്നുകയും മാതാപിതാക്കന്മാരെ അവരുടെ സ്നേഹത്തെയും അനുകമ്പയെയും കുറിച്ചു ഒരു നിമിഷവും സംശയിക്കാതെ സ്നേഹിക്കുകയും ചെയ്യുന്ന ശിശുവിനെപ്പോലെ യേശു സമ്പന്നനാണ്. യേശുവിന്റെ സമ്പത്ത് ദൈവപുത്രനായിരിക്കുന്നു എന്നതിലാണ്. പിതാവിനോടുള്ള അവിടുത്തെ അനന്യമായ ബന്ധം ദരിദ്രനായ ഈശോമിശിഹായുടെ പരമോത്കൃഷ്ടമായ വിശേഷാനുകൂല്യമാണ്. "വഹിക്കാൻ എളുപ്പമുള്ള തന്റെ നുകം" യേശു നമ്മോട് ആവശ്യപ്പെടുമ്പോൾ "സമ്പന്നമായ തന്റെ ദാരിദ്ര്യം"കൊണ്ടും "ദരിദ്രമായ തന്റെ സമ്പന്നത"കൊണ്ടും സമ്പന്നരാകാൻ നമ്മോട് ആവശ്യപ്പെടുകയാണ്. അവിടത്തെ പുത്രസഹജവും ഭ്രാതൃസഹജവുമായ ആത്മാവിൽ പങ്കുചേരാനും പുത്രനിൽ പുത്രീപുത്രന്മാരും പ്രഥമജാതനായ സഹോദരനിൽ സഹോദരീസഹോദരന്മാരാകാനും വേണ്ടിയാണത് (cf റോമാ 8:29).

5. ഒരു വിശുദ്ധനായിരിക്കാൻ കഴിയുന്നില്ലെന്നതാണ് യഥാർത്ഥ ദുഃഖം (എൽ. ബ്ളോയ്) എന്നു പറയാറുണ്ട്. നമുക്ക് ഇങ്ങനെയും പറയാം. യഥാർത്ഥത്തിൽ ഒരു ദാരിദ്ര്യമേ ഉള്ളൂ; ദൈവത്തിന്റെ മക്കളായും ക്രിസ്തുവിന്റെ സഹോദരീസഹോദരന്മാരായും ജീവിക്കാൻ കഴിയാത്തതാണ് ആ ദാരിദ്ര്യം.

**നമ്മുടെ സാക്ഷ്യം**

6. ദാരിദ്ര്യത്തിന്റെ ഈ "മാർഗം" യേശുവിന്റെ മാർഗമാണ്. എന്നാൽ അവിടത്തെ ശരിയായ മാനുഷിക വിഭവങ്ങൾകൊണ്ടേ ലോകത്തെ രക്ഷിക്കാൻ കഴിയൂ എന്ന് നമ്മൾ ചിന്തിച്ചേക്കാം. ഇതു ശരിയല്ല. ദൈവം മനുഷ്യവംശത്തെ എല്ലാകാലത്തും എല്ലാസ്ഥലത്തും രക്ഷിച്ചുകൊണ്ടിരിക്കുന്നത് ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെയാണ്. കൂദാശകളിലും വാക്കുകളിലും ദരിദ്രരുടേതായ തന്റെ സഭയിലും സ്വയം ദരിദ്രനാക്കുന്ന ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെയാണ്. ദൈവത്തിന്റെ സമ്പന്നത നമ്മുടെ സമ്പത്തിലൂടെയല്ല, പിന്നെയോ ക്രിസ്തുവിന്റെ, പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെടുന്ന നമ്മുടെ വൈയക്തികവും സാമൂഹികവുമായ ദാരിദ്ര്യത്തിലൂടെ

മാത്രമാണ് കടന്നുപോകുന്നത്.

7. ക്രൈസ്തവരായ നമ്മൾ നമ്മുടെ ഗുരുവിനെ പിഞ്ചെന്നുകൊണ്ട്, നമ്മുടെ സഹോദരീസഹോദരന്മാരുടെ ദാരിദ്ര്യത്തെ നേരിടാനും അതിനെ സ്പർശിക്കാനും അതിനെ നമ്മുടേതാക്കാനും അതിനെ ലഘൂകരിക്കാൻ വേണ്ട പ്രായോഗിക മാർഗങ്ങൾ സ്വീകരിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു. അനാഥത്വവും ദാരിദ്ര്യവും ഒന്നല്ല. അനാഥത്വം എന്നത് വിശ്വാസവും പിന്തുണയും പ്രത്യാശയുമില്ലാത്ത ദാരിദ്യമാണ്. മൂന്നു തരത്തിലുള്ള അനാഥത്വമുണ്ട്: ഭൗതികം, ധാർമ്മികം, ആധ്യാത്മികം. ഭൗതികമായ അനാഥത്വമാണ് സാധാരണമായി ദാരിദ്ര്യമെന്നു വിളിക്കപ്പെടുന്നത്. മനുഷ്യമഹത്ത്വത്തിന് വിരുദ്ധമായ സാഹചര്യങ്ങളിൽ ജീവിക്കുന്നവരെ അതു ബാധിക്കുന്നു. മൗലികാവകാശങ്ങൾ ലഭിക്കാത്തവരെയും ഭക്ഷണം, ജലം, ആരോഗ്യപാലനം, തൊഴിൽ, സാംസ്കാരികമായി വികസിക്കാനും വളരാനും വേണ്ട അവസരം എന്നതൊക്കെ ഇല്ലാത്തവരെയും അതു ബാധിക്കുന്നു. ഈ അനാഥത്വത്തോടു പ്രത്യുത്തരിക്കുന്നതിന് സഭ ഈ ആവശ്യങ്ങളിൽ സഹായിക്കുന്നു, ശുശ്രൂഷ (ദിയാക്കോണിയ) നല്കുന്നു. മനുഷ്യവംശത്തിന്റെ മുഖത്തെ വിരൂപമാക്കുന്ന ഈ മുറിവുകളെ വച്ചുകെട്ടുന്നു. ദരിദ്രരിലും സമൂഹഭ്രഷ്ടരിലും നമ്മൾ ക്രിസ്തുവിന്റെ മുഖം കാണുന്നു. ദരിദ്രരെ സ്നേഹിച്ചും സഹായിച്ചും നാം ക്രിസ്തുവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. ലോകത്തിൽ മനുഷ്യ മഹത്ത്വത്തിന്റെ ലംഘനങ്ങളും വിവേചനവും ദുരുപയോഗവും അവസാനിപ്പിക്കുന്നതിനുവേണ്ടിയും നമ്മൾ പരിശ്രമിക്കുന്നുണ്ട്. എന്തെന്നാൽ ഇവയെല്ലാമാണ് മിക്കപ്പോഴും അനാഥത്വത്തിന്റെ കാരണങ്ങൾ. അധികാരവും സുഖാസക്തിയും പണവും വിഗ്രഹങ്ങളാകുമ്പോൾ സമ്പത്തിന്റെ നീതിപൂർവകമായ വിഭജനമെന്ന ആവശ്യത്തിനു നല്കേണ്ട മുൻഗണന അവയ്ക്കു നല്കപ്പെടുന്നു. അതുകൊണ്ട് നമ്മുടെ മനസ്സാക്ഷി നീതിയിലേക്കും സമത്വത്തിലേക്കും ലാളിത്യ ത്തിലേക്കും പങ്കുവയ്ക്കലിലേക്കും തിരിയേണ്ടിയിരിക്കുന്നു.

8. ധാർമ്മികമായ അനാഥത്വവും ഇതുപോലെ തന്നെയുള്ള പ്രശ്നമാണ്. അത് തിന്മയ്ക്കും പാപത്തിനും വിധേയപ്പെടുന്നതുകൊണ്ടുള്ള അടിമത്തമാണ്. കുടുംബാംഗം - മിക്കപ്പോഴും ഒരു യുവാവ് - മദ്യത്തിനും മയക്കുമരുന്നിനും ചൂതുകളിക്കും അശ്ലീല സാഹിത്യത്തിനും അടിമയാകുമ്പോൾ എത്രമാത്രം വേദനയാണ് കുടുംബങ്ങളിൽ ഉണ്ടാകുന്നത്! ജീവിതത്തിൽ അർത്ഥം കാണാത്ത, അല്ലെങ്കിൽ ഭാവിയെപ്പറ്റി പ്രത്യാശയില്ലാത്ത എത്രയോ ആളുകളുണ്ട്! എത്രയോ വ്യക്തികൾക്ക് പ്രത്യാശ നഷ്ടപ്പെട്ടിരിക്കുന്നു! നീതിയില്ലാത്ത സാമൂഹികാവസ്ഥകൾ മൂലം എത്രയോ പേർ ഈ അനാഥത്വത്തിൽ മുങ്ങിത്താഴുന്നു! അപ്പം നേടുന്നവരെന്ന നിലയിലുള്ള മഹത്ത്വത്തെ എടുത്തുകളയുന്ന തൊഴിലില്ലായ്മ, വിദ്യാഭ്യാസത്തിനും ആരോഗ്യപാലനത്തിനും തുല്യമായ സൗകര്യം ലഭിക്കായ്ക എന്നിവകൊണ്ട് അങ്ങനെ സംഭവിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ധാർമ്മിക അനാഥത്വം ആത്മഹത്യയ്ക്ക് പ്രേരണയായി കരുതപ്പെടാം. സാമ്പത്തികനാശത്തിനുകൂടി കാരണമാകുന്ന ഇത്തരം അനാഥത്വം എല്ലായ്പ്പോഴും ആധ്യാത്മികമായ അനാഥത്വത്തോടു ബന്ധപ്പെട്ടിരിക്കുന്നു. അതാകട്ടെ, നാം ദൈവത്തിൽ നിന്നു പിന്തിരിയുകയും അവിടത്തെ സ്നേഹം തള്ളിക്കളയുകയും ചെയ്യുമ്പോൾ അനുഭവിക്കുന്നതാണ്. ക്രിസ്തുവിലൂടെ നമ്മിലേക്ക് എത്തിച്ചേരുന്ന ദൈവത്തെ നമുക്ക് ആവശ്യമില്ലെന്ന് നാം വിചാരിക്കുന്നുവെങ്കിൽ, നമ്മുടെ കാര്യങ്ങളെല്ലാം നമുക്കു തന്നെ നിർവഹിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നതുകൊണ്ട് നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ നാം വീഴാൻ പോവുകയാണ്. ദൈവത്തിനുമാത്രമേ നമ്മെ യഥാർത്ഥത്തിൽ രക്ഷിക്കാനും സ്വതന്ത്രരാക്കാനും കഴിയുകയുള്ളൂ.

9. ആധ്യാത്മിക അനാഥത്വത്തിനുള്ള യഥാർത്ഥ മറുമരുന്ന് സുവിശേഷമാണ്. ക്രിസ്ത്യാനികളെന്ന നിലയിൽ നാം എവിടെപ്പോയാലും വിമോചനകരമായ സന്ദേശം പ്രഘോഷിക്കണം. ചെയ്ത പാപങ്ങൾക്കു മാപ്പുകിട്ടാൻ സാധിക്കുമെന്നും നമ്മുടെ പാപാവസ്ഥയെക്കാൾ വലിയവനാണു ദൈവമെന്നും അവിടന്ന് എപ്പോഴും നമ്മെ സൗജന്യമായി സ്നേഹിക്കുന്നുവെന്നും നാം കൂട്ടായ്മയ്ക്കും ശാശ്വത ജീവിതത്തിനുംവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്നുമുള്ള വാർത്ത അറിയിക്കണം. കാരുണ്യത്തിന്റെയും പ്രത്യാശയുടെയും ഈ സന്ദേശത്തിന്റെ സന്തോഷപൂർണരായ മുന്നോടികളാകാൻ കർത്താവു നമ്മോട് ആവശ്യപ്പെടുന്നു. ഈ സദ്വാർത്ത പ്രചരിപ്പിക്കുന്നത് തീവ്രമായ ആനന്ദത്തിന്റെ അനുഭവമാണ്. നമ്മെ ഏല്പിച്ചിട്ടുള്ള നിക്ഷേപം പങ്കുവയ്ക്കുന്നത്, തകർന്ന ഹൃദയങ്ങളെ

ആശ്വസിപ്പിക്കുന്നത്, അന്ധകാരം അനുഭവിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രത്യാശ പ്രദാനം ചെയ്തുകൊണ്ട് അങ്ങനെ ചെയ്യുന്നത് ആനന്ദപ്രദമാണ്. അത് യേശുവിനെ അനുഗമിക്കലും അനുകരിക്കലുമാണ്. അവിടന്ന് നഷ്ടപ്പെട്ട ആടിനെ സ്നേഹപൂർവം അന്വേഷിക്കുന്ന ഇടയനെപ്പോലെ ദരിദ്രരെയും പാപികളെയും അന്വേഷിച്ചവനാണല്ലോ. യേശുവുമായുള്ള ഐക്യത്തിൽ, സുവിശേഷവത്കരണത്തിന്റെയും മനുഷ്യവംശസമുദ്ധാരണത്തിന്റെയും പുതിയ പാതകൾ ധീരതയോടെ വെട്ടിത്തുറക്കാൻ നമുക്കു സാധിക്കും.

10. പ്രിയ സഹോദരീസഹോദരന്മാരേ, ഈ നോമ്പുകാലം മുഴുവൻ സഭ സാക്ഷ്യം വഹിക്കാൻ സന്നദ്ധതയുള്ളതായി കാണട്ടെ! ഭൗതികവും ധാർമ്മികവും ആധ്യാത്മികവുമായ അനാഥത്വത്തിൽ ജീവിക്കുന്നവർക്ക് നമ്മുടെ പിതാവായ ദൈവത്തിന്റെ കരുണാപൂർണമായ സുവിശേഷസന്ദേശത്തിനു അത് സാക്ഷ്യം വഹിക്കുന്നതായി കാണപ്പെടട്ടെ! അവിടന്ന് എല്ലാവരെയും ക്രിസ്തുവിൽ ആശ്ലേഷിക്കാൻ സന്നദ്ധനാണ്. ദരിദ്രനായിത്തീരുകയും തന്റെ ദാരിദ്ര്യംമൂലം നമ്മെ സമ്പന്നരാക്കുകയും ചെയ്ത ക്രിസ്തുവിനെ നാം അനുകരിക്കുന്നിടത്തോളം മാത്രമേ നമുക്ക് അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. ആത്മ-പരിത്യാഗത്തിനു യോജിച്ച സമയമാണ് നോമ്പുകാലം. നമ്മുടെ ദാരിദ്ര്യംകൊണ്ട് മറ്റുള്ളവരെ സഹായിക്കാനും സമ്പന്നരാക്കാനും വേണ്ടി എന്തുകൊടുക്കാൻ സാധിക്കുമെന്നു നമ്മോടുതന്നെ ചോദിക്കുന്നതു നന്നായിരിക്കും. യഥാർത്ഥമായ ദാരിദ്ര്യം വേദനാജനകമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം. പ്രായശ്ചിത്തത്തിന്റെ ഈ മാനം ഇല്ലാത്ത ആത്മപരിത്യാഗം യഥാർത്ഥ പരിത്യാഗമല്ല. യാതൊരു ചെലവുമില്ലാത്തതും വേദനിപ്പിക്കാത്തതുമായ പരസ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നില്ല.

11. "നാം ദരിദ്രരെപ്പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നതും ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം ആർജിക്കുന്നതും" (2 കോറി. 6:10) പരിശുദ്ധാത്മാവിലൂടെയാണ്. നമ്മുടെ പ്രതിജ്ഞകളിൽ നിലനില്ക്കാൻ ആ പരിശുദ്ധാത്മാവ് നമ്മെ താങ്ങിനിറുത്തട്ടെ. മാനുഷിക അനാഥത്വത്തെ സംബന്ധിച്ച നമ്മുടെ താത്പര്യവും ഉത്തരവാദിത്വബോധവും അവിടന്ന് വർധിപ്പിക്കട്ടെ. അങ്ങനെ കരുണയുള്ളവരാകുകയും കാരുണ്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നവരാകട്ടെ. ഓരോ വിശ്വാസിയും ഓരോ സഭാസമൂഹവും ഫലപൂർണമായ ഒരു നോമ്പുകാലയാത്ര തുടങ്ങാൻ ഇടയാകട്ടെയെന്ന്, ഈ പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട്, ഞാൻ പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളോട് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. നമ്മുടെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. കന്യകമറിയം നിങ്ങളെ സുരക്ഷിതരായി സൂക്ഷിക്കട്ടെ.



വത്തിക്കാനിൽ നിന്ന്, 26 ഡിസംബർ 2013,
**ഫ്രാൻസിസ് പാപ്പാ**

## രൂപതക്കച്ചേരി

*C. 15/2014* **വലിയ നോമ്പാരംഭവും വിവാഹാഘോഷ മുടക്കവും**

2014 മാർച്ച് 2-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയ നോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷമുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസമ്മതത്തിനു മുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

*C. 16/2014* **വൈദികസംഗമം**

കഴിഞ്ഞ പ്രസ്ബിത്തേരിയത്തിൽ തീരുമാനിച്ച പ്രകാരം നമ്മുടെ രൂപതയിലെ എല്ലാ അച്ചന്മാരുടെയും ഒരു സൗഹൃദകൂട്ടായ്മ 2014 മാർച്ച് 24 -ാം തീയതി തിങ്കളാഴ്ച വൈകിട്ട് 4.00 മണി മുതൽ മാർച്ച് 25-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 4.00 മണി വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. രൂപതയിലെ എല്ലാ ബഹു. വൈദികരും (വിശ്രമജീവിതം നയിക്കുന്നവർ ഒഴികെ) അതിൽ പങ്കെടുക്കേണ്ടതാണ്. എന്തെങ്കിലും കാരണത്താൽ പങ്കെടുക്കാൻ സാധിക്കാത്തവർ മുൻകൂട്ടി അറിയിക്കേണ്ടതാണ്. വിശ്രമജീവിതം നയിക്കുന്ന ബഹു. അച്ചന്മാരെയും ഈ സംഗമത്തിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

*Bishop*

*C. 17/2014* **വികാരി നിയമനം**

മുട്ടത്തുപാറ - ഫാ. ജേക്കബ് മണ്ണത്തൂക്കാരൻ

*Bishop*

*C. 18/2014* **വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

*C. 19/2014* **ദൈവാലയഗാനശുശ്രൂഷകർക്കായി ത്രിദിന പ്രോഗ്രാം**

ദൈവാലയത്തിലെ ഗാനശുശ്രൂഷകർക്കായി ബഹു. ആന്റണി ഉരുളിയാനിക്കലച്ചന്റെ നേതൃത്വത്തിൽ ഒരു ത്രിദിന പ്രോഗ്രാം മെയ് മാസം 27 മുതൽ 30 വരെ മുവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. 27-ന് വൈകിട്ട് 4 മണിക്ക് തുടങ്ങി 30-ന് ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കും. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പറിൽ വിളിക്കുക.
റവ. ഫാ. ജോസഫ് എഴുമായിൽ, ഫോൺ 9562878775

*Syncellus*

*C. 20/2014* **സ്ഥാപനങ്ങളുടെ കണക്കുകൾ ഹാജരാക്കുമ്പോൾ സമർപ്പിക്കേണ്ടവ:**

1 Journal
2 Ledger
3 Balance Sheet
4 Bank passbook ന്റെ Bank statemant
5 F.D. രസീതിന്റെ ഫോട്ടോകോപ്പി. കണക്കുകൾ ഹാജരാക്കുന്ന സമയത്ത് 2014 മാർച്ചിനുശേഷം പിൻവലിച്ചുപോയ F.D. കൾ ഉണ്ടെങ്കിൽ മാർച്ച് 31 പ്രകാരം ബാങ്കിലുള്ളതായി ബാങ്കിൽ നിന്നുള്ള രസീത്.
6 ഇവിടെനിന്നു തരുന്നതായ Receipts & Payments, Financial Statement ഫോറങ്ങൾ വ്യക്തമായി പൂരിപ്പിച്ച് ഹാജരാക്കേണ്ടതാണ്. (Receipts & Payments ഫോറം അത്യാവശ്യമെങ്കിൽ ഘടനയിൽ മാറ്റം വരുത്താതെ ഇനങ്ങൾ മാറ്റി വേറെ ഫോറം ഉപയോഗിക്കുകയോ, ടി. ഫാറത്തിൽ തന്നെ ഇനങ്ങൾ മാറ്റി എഴുതുകയോ ചെയ്യാവുന്നതാണ്.)

*Procurator*

*C. 21/2014* **ആണ്ടുതിരട്ട്**

മുൻവർഷത്തേതുപോലെ നമ്മുടെ പള്ളികളിൽ നിന്ന് വാർഷികതിരട്ട് രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന ദിവസംതന്നെ പാസാക്കി കൊടുക്കുവാൻ ഉദ്ദേശിക്കുന്നു. സൗകര്യാർത്ഥം ഓരോ പള്ളിക്കും ഓരോ തീയതി നിശ്ചയിക്കുകയാണ്. നിശ്ചയിച്ചിരിക്കുന്ന തീയതിയിൽ എന്തെങ്കിലും അസൗകര്യമുള്ളവർ രൂപതക്കച്ചേരിയിൽ അറിയിച്ച് മറ്റൊരു തീയതി നിശ്ചയിക്കുക.

തിരട്ടുമായി വരുമ്പോൾ ബ. വികാരിയച്ചനും കൈക്കാരന്മാരും കണക്കനും കൂടി വരണമെന്ന് താല്പര്യപ്പെടുന്നു. കണക്കുകൾ പരിശോധിക്കാനും സംശയങ്ങൾ തീർക്കാനും ഇത് സഹായകമാകും.

ആണ്ടുതിരട്ട് തയ്യാറാക്കുന്നതിന് മുമ്പായി ബാങ്ക് പാസ്സ് ബുക്കുകൾ, ഫിക്സഡ് ഡിപ്പോസിറ്റ് രസീതുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തിക വർഷാവസാനം വരെയുള്ള ഇടപാടുകൾ പതിപ്പിച്ച് ആണ്ടുതിരട്ടിനോടൊപ്പം കച്ചേരിയിൽ ഹാജരാക്കേണ്ടതാണ്. തൻവർഷത്തെ എല്ലാ ബാങ്കിടപാടുകളുടെയും സ്റ്റേറ്റ്മെന്റും തിരട്ടിനോടൊപ്പം നൽകേണ്ടതാണ്.

ഒരു മാസത്തെ അലവൻസിന് തുല്യമായ തുക Priests' Relief Fund-ലേക്ക് അടയ്ക്കുന്നത് ഇക്കൊല്ലം 8500/- രൂപയായിരിക്കും.

PWA Fund-ലേക്ക് അടയ്ക്കേണ്ട പള്ളികളിൽനിന്നുള്ള വിഹിതമായ അലവൻസിന്റെ 5% പള്ളി നാൾവഴിയിൽ ചേർത്ത് തിരട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്. ഈ വർഷം ഈ തുക 5100/- രൂപ ആണ്.

പള്ളിക്ക് ഈ സാമ്പത്തിക വർഷാവസാനം എന്തെങ്കിലും കടബാധ്യതകൾ ഉണ്ടെങ്കിൽ അവയുടെ പൂർണ വിവരങ്ങൾ പൊതുകണക്കിന്റെ പേരേടിൽ രേഖപ്പെടുത്തിയിരിക്കണം.

മുൻവർഷം രൂപതക്കച്ചേരിയിൽ കണക്ക് പരിശോധിച്ചപ്പോൾ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ച് ആണ്ട് തിരട്ട് തയ്യാറാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

രൂപതക്കച്ചേരിയിൽനിന്ന് അംഗീകാരം കിട്ടിയതിനുശേഷമേ പുതിയ കൈക്കാരന്മാർ ജോലിയിൽ പ്രവേശിക്കാവൂ.

രൂപതക്കച്ചേരിയിൽ കണക്ക് സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെ കൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|
| Arikuzha | 01/05/14 | A.M. | Koduveli | 20/05/14 | P.M. |
| Alakode | 01/05/14 | P.M. | Kaliyar | 21/05/14 | A.M. |
| Arikuzha | 01/05/14 | A.M. | Kolady | 21/05/14 | P.M. |
| Alakode | 01/05/14 | P.M. | Kallanickal | 22/05/14 | A.M. |
| Anchiri | 02/05/14 | A.M. | Kottappady | 22/05/14 | P.M. |
| Ambikapuram | 02/05/14 | P.M. | Kalloorkad | 23/05/14 | A.M. |
| Anicadu | 05/05/14 | A.M. | Kodikulam | 23/05/14 | P.M. |
| Cheenikuzhi | 05/05/14 | P.M. | Karimannoor | 26/05/14 | A.M. |
| Cathedral | 07/05/14 | A.M. | Kuninji | 26/05/14 | P.M. |
| Enanalloor | 07/05/14 | P.M. | Kuruppumpady | 27/05/14 | A.M. |
| Arakuzha | 08/05/14 | A.M. | Kulappuram | 27/05/14 | P.M. |
| Chalassery | 08/05/14 | P.M. | Malippara | 28/05/14 | A.M. |
| Ayavana | 09/05/14 | A.M. | Kuttampuzha | 28/05/14 | P.M. |
| Cheppukulam | 09/05/14 | P.M. | Mailakombu | 29/05/14 | A.M. |
| Bethlehem | 12/05/14 | A.M. | Mulappuram | 29/05/14 | P.M. |
| Chilavu | 12/05/14 | P.M. | Malayinchy | 30/05/14 | A.M. |
| Chittoor | 13/05/14 | A.M. | Kuthumkal | 30/05/14 | P.M. |
| Ezhalloor | 13/05/14 | P.M. | Marika | 02/06/14 | A.M. |
| Kadalikad | 14/05/14 | A.M. | Muttathupara | 02/06/14 | P.M. |
| Inchathotty | 14/05/14 | P.M. | Marady | 03/06/14 | A.M. |
| Kadavoor | 15/05/14 | A.M. | Mathirapilly | 03/06/14 | P.M. |
| Inchoor | 15/05/14 | P.M. | Meenkunnam | 04/06/14 | A.M. |
| Kalayanthani | 16/05/14 | A.M. | Mekkadampu | 04/06/14 | P.M. |
| Keerampara | 16/05/14 | P.M. | Mullaringad | 05/06/14 | A.M. |
| Kaloor | 19/05/14 | A.M. | Mudavoor | 05/06/14 | P.M. |
| Kavakkad | 19/05/14 | P.M. | Muthalakodam | 06/06/14 | A.M. |
| Karakunnam | 20/05/14 | A.M. | Muvattupuzha East | 06/06/14 | P.M. |



| | | | | | |
|---|---|---|---|---|---|
| Muvattupuzha | 09/06/14 | A.M. | Ponnamthanam | 27/06/14 | P.M. |
| Mundanmudy | 09/06/14 | P.M. | Pooyamkutty | 30/06/14 | A.M. |
| Nediakad | 11/06/14 | A.M. | Punnamattam | 30/06/14 | P.M. |
| Nadukani | 11/06/14 | P.M. | Purappuzha | 01/07/14 | A.M. |
| Nakapuzha | 12/06/14 | A.M. | Rajagiri | 01/07/14 | P.M. |
| Nadukara | 12/06/14 | P.M. | Randar | 02/07/14 | A.M. |
| Nediasala | 13/06/14 | A.M. | Thalayanad | 02/07/14 | P.M. |
| Neriamangalam | 13/06/14 | P.M. | Thazhuvamkunnu | 04/07/14 | A.M. |
| Nellimattam | 16/06/14 | A.M. | Thodupuzha East | 04/07/14 | P.M. |
| Nedungapra | 16/06/14 | P.M. | Thodupuzha | 07/07/14 | A.M. |
| Neyyassery | 17/06/14 | A.M. | Thennathoor | 07/07/14 | P.M. |
| Njarakad | 17/06/14 | P.M. | Thottakara | 09/07/14 | A.M. |
| Neendapara | 18/06/14 | A.M. | Thommankuthu | 09/07/14 | P.M. |
| Njayappily | 18/06/14 | P.M. | Udumapannoor | 10/07/14 | A.M. |
| Oonnukal | 19/06/14 | A.M. | Vadakode | 10/07/14 | P.M. |
| Pallickamury | 19/06/14 | P.M. | Vandamattam | 11/07/14 | A.M. |
| Paingottoor | 20/06/14 | A.M. | Vadattupara | 11/07/14 | P.M. |
| Pannimattom | 20/06/14 | P.M. | Vazhakulam | 14/07/14 | A.M. |
| Parapuzha | 23/06/14 | A.M. | Vazhakala | 14/07/14 | P.M. |
| Perumannoor | 23/06/14 | P.M. | Velielchal | 15/07/14 | A.M. |
| Mamalakandam | 24/06/14 | A.M. | Vettampara | 15/07/14 | P.M. |
| Pazhampillichal | 24/06/14 | P.M. | Vettimattam | 16/07/14 | A.M. |
| Peringuzha | 25/06/14 | A.M. | Vazhappilly East | 16/07/14 | P.M. |
| Perumballoor | 25/06/1 | P.M. | Thrikariyoor | 17/07/14 | A.M. |
| Perumpillichira | 26/06/14 | A.M. | Pareekanny | 17/07/14 | P.M. |
| Pulianpara | 26/06/14 | P.M. | Vannappuram | 18/07/14 | A.M. |
| Pothanicadu | 27/06/14 | A.M. | Kaithapara | 18/07/14 | P. M. |

*Finance Officer*

*C. 22/2014* **2012-2013 -ൽ രൂപതക്കച്ചേരിയിൽ ലഭിച്ച പിരിവുകൾ**

| | | | |
|---|---|---|---|
| 1. | H.C. | - | Holy Child Hood |
| 2. | B.S. | - | Bible Sunday |
| 3. | P.P. | - | Peter's Pense |
| 4. | M.S. | - | Mission Sunday |
| 5. | V.F. | - | Vocation Fund |
| 6. | C.M | - | Communication Media |
| 7. | J.S. | - | Justice Sunday |
| 8. | G.F. | - | Good Friday |
| 9. | Yuva. | - | Yuvajanadinam |
| 10. | Sy.M.S. | - | Syro Malabar Mission Sunday |
| 11 | S.D | - | Sabhadinam |
| 12. | M.V. | - | Madyavirudhadinam |
| 13. | J.F | - | Jesus' Fraternity |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Cathedral | 1500 | 2000 | 4500 | 5500 | 1250 | 1500 | 1500 | 3500 | 1200 | 3500 | 14050 | 1500 | 500 |
| Alakode | 250 | 250 | 250 | 500 | 250 | 250 | 250 | 250 | 250 | 250 | 1750 | 250 | 250 |
| Ambikapuram | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 875 | 100 | - |
| Anchiry | 150 | 200 | 250 | 500 | 200 | 150 | 200 | 200 | 150 | 150 | 1300 | 100 | - |
| Anicadu | 200 | 300 | 400 | 800 | 300 | 200 | 200 | 500 | 200 | 300 | 3500 | 200 | 200 |
| Arakuzha | 1200 | 2000 | 6250 | 6000 | 2000 | 1500 | 1000 | 4000 | 1500 | 1300 | 2200 | 1000 | 750 |
| Arikuzha | 300 | 500 | 2000 | 1000 | 300 | 400 | 250 | 2000 | 250 | 300 | 2000 | 300 | 250 |
| Ayavana | - | - | - | - | - | - | - | - | - | - | - | - | - |
| Bethlehem | 100 | 100 | 1185 | - | 100 | 100 | 100 | 2870 | 150 | - | 2053 | 100 | - |
| Kulappuram | 150 | 100 | 150 | 150 | 100 | 100 | 100 | 300 | 100 | 150 | 900 | 100 | 100 |
| Chalassery | 150 | 150 | 150 | 500 | 150 | 150 | 150 | 500 | 150 | 150 | 1500 | 150 | 150 |
| Cheenikuzhy | 50 | 100 | 100 | 400 | 50 | 150 | 50 | 100 | 100 | 50 | 1350 | 50 | 50 |
| Cheppukulam | 75 | 75 | 75 | 75 | 75 | 75 | 50 | 500 | 50 | 100 | 1966 | 100 | 75 |
| Chilavu | 250 | 250 | 250 | 250 | 250 | 250 | 250 | 650 | 250 | 250 | 1850 | 250 | 250 |
| Chittoor | 100 | 100 | 200 | 500 | 100 | 100 | 100 | 500 | - | 100 | 1430 | - | - |
| Enanalloor | 100 | 100 | 100 | 200 | 100 | 100 | 100 | 300 | 100 | 200 | 700 | 100 | - |
| Ezhalloor | 150 | 250 | 1000 | 1000 | 200 | 250 | 300 | 800 | 200 | 200 | 1850 | 200 | 150 |
| Inchathotty | 150 | 150 | 150 | 200 | 150 | 150 | 150 | 300 | 150 | 200 | 575 | 150 | 150 |
| Inchoor | 100 | 100 | 200 | 300 | 100 | 100 | 100 | 200 | 100 | 200 | 1400 | 100 | 100 |
| Kadalikad | 250 | 250 | 250 | 250 | 250 | 250 | 250 | 600 | 250 | 250 | 2100 | 250 | 250 |
| Kadavoor | 100 | 100 | 1000 | 1000 | 100 | 100 | 100 | 2000 | 100 | 100 | 1800 | 100 | - |
| Kaithapara | - | - | - | - | - | - | - | - | - | - | - | - | - |
| Kalayanthany | 300 | 250 | 250 | 250 | 250 | 300 | 250 | 500 | 250 | 250 | 3680 | 300 | 250 |
| Kaliyar | 500 | 250 | 500 | 1000 | 250 | 300 | 300 | 500 | 300 | 1000 | 2775 | 500 | 300 |
| Kallanickal | 300 | 620 | 1500 | 1615 | 1000 | 500 | - | 4825 | 500 | - | 6460 | - | - |
| Kalloorkad | 200 | 450 | 900 | 3200 | 250 | 300 | 250 | 800 | 250 | 350 | 4700 | - | - |
| Kaloor | 200 | 200 | 200 | 200 | 200 | 200 | 200 | 750 | 200 | 200 | 3000 | 200 | 200 |
| Karakunnam | 150 | 150 | 200 | 200 | 150 | 150 | 150 | 300 | - | 200 | 1800 | 150 | 150 |
| Karimannoor | 500 | 500 | 500 | 750 | 500 | 500 | 500 | 1000 | 500 | 750 | 3500 | 500 | 500 |
| Kavakad | 100 | 100 | 500 | 500 | 100 | 100 | 100 | 1000 | 100 | 100 | 1100 | 100 | - |
| Keerampara | 150 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1559 | 200 | - |
| Kodikulam | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 2500 | 200 | 200 |
| Koduvely | 500 | 1000 | 2000 | 3000 | 500 | 300 | 500 | 1000 | 300 | 500 | 1500 | 200 | 200 |
| Kolady | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 800 | 100 | 100 |
| Kottappady | 500 | 500 | 500 | 500 | 500 | 500 | 500 | 1000 | 500 | 500 | 1475 | 500 | 500 |
| Kuninji | 300 | 300 | 300 | 300 | 300 | 300 | 300 | 600 | 300 | 300 | 1600 | 300 | 300 |
| Kuruppampady | - | - | - | - | - | - | - | - | - | - | - | - | - |
| Kuthumkal | - | 50 | 50 | 50 | 49 | 50 | 50 | 351 | - | - | 390 | - | - |
| Kuttampuzha | 200 | 200 | 200 | 200 | 200 | 200 | 200 | 400 | 200 | 200 | 1000 | 200 | 200 |
| Mailacombu | 500 | 500 | 500 | 3000 | 500 | 500 | 500 | 1080 | 500 | 500 | 2500 | 500 | - |
| Malayinchi | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 500 | - | - |
| Malippara | 150 | 150 | 150 | 150 | 150 | 150 | 150 | 600 | 150 | 150 | 1250 | 150 | 150 |



| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Mamalakandam | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 350 | 50 | - |
| Marady | 300 | 300 | 250 | 300 | 300 | 300 | 300 | 600 | 300 | 300 | 1250 | 300 | 300 |
| Marika | 850 | 1000 | 1800 | 2000 | 650 | 800 | 875 | 1200 | 950 | 1450 | 4500 | 800 | 750 |
| Mathirappilly | 50 | 50 | 50 | 100 | 50 | 50 | 50 | 50 | 50 | 50 | 770 | 50 | 50 |
| Meenkunnam | 100 | 100 | 100 | 500 | 100 | 100 | 100 | 1200 | 100 | - | 2452 | 100 | - |
| Mekkadambu | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 250 | 50 | - |
| Mudavoor | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 250 | 100 | 100 |
| Mulappuram | 100 | 150 | 300 | 250 | 200 | 100 | 100 | 150 | 100 | 100 | 600 | 100 | 100 |
| Mullaringad | 150 | 150 | 150 | 200 | 150 | 150 | 150 | 300 | 150 | 200 | 1275 | 150 | 150 |
| Mundanmudy | 150 | 150 | 150 | 150 | 150 | 150 | 200 | 300 | 200 | 150 | 1500 | 150 | 150 |
| Muthalakodam | 2000 | 5000 | 4000 | 10000 | 8000 | 1000 | 1500 | 16065 | 2000 | 7500 | 7000 | 3000 | 2000 |
| Muvattupuzha | 700 | 750 | 3000 | 4500 | 1300 | 700 | 900 | 6000 | 600 | 700 | 4775 | 600 | 400 |
| Mupuzha. East | 300 | 300 | 300 | 1000 | 300 | 300 | 300 | 750 | 300 | 500 | 1300 | 200 | - |
| Nadukani | 100 | 100 | 150 | 200 | 150 | 100 | 100 | 250 | 150 | 200 | 1450 | 100 | 100 |
| Nadukara | - | 100 | 100 | 500 | - | 100 | 300 | 1200 | - | 500 | 1450 | - | - |
| Nakapuzha | 300 | 500 | 1000 | 2000 | 1000 | - | 500 | 10619 | 500 | - | 3400 | - | - |
| Nediakad | 200 | 200 | 500 | 800 | 100 | 100 | 100 | 3500 | 100 | 100 | 3900 | 100 | - |
| Nediasala | 100 | 100 | 300 | 1000 | 100 | 400 | 100 | 2000 | 300 | 100 | 2600 | 100 | 100 |
| Nedungapra | 150 | 150 | 200 | 250 | 150 | 150 | 150 | 450 | 150 | 250 | 1900 | 150 | 150 |
| Neendapara | 200 | 200 | 200 | 200 | 200 | 200 | 200 | 450 | 200 | 250 | 2000 | 200 | - |
| Nellimattam | 100 | 250 | 100 | 500 | 150 | 100 | 100 | 250 | 100 | 250 | 3100 | 150 | 150 |
| Neriamangalam | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 100 | 100 | 1914 | 100 | - |
| Neyyassery | 250 | 250 | 250 | - | 250 | 250 | 250 | 500 | 250 | 250 | 2475 | 250 | 250 |
| Njarakad | 100 | 200 | 150 | 1000 | 100 | 100 | 150 | 500 | 100 | 100 | 1700 | 100 | 100 |
| Njayappilly | 150 | 150 | 200 | 500 | 200 | 150 | 100 | 500 | 150 | 250 | 1050 | 100 | - |
| Oonnukal | 400 | 500 | 1000 | 1000 | 750 | 500 | 500 | 2000 | 500 | 300 | 2408 | 300 | 300 |
| Paingottoor | 200 | 300 | 250 | 500 | 350 | 250 | 150 | 1250 | 150 | 250 | 3500 | 150 | 100 |
| Pallickamury | 100 | 100 | 800 | 1000 | 100 | 100 | 100 | 2000 | 100 | 100 | 1865 | 100 | - |
| Pannimattam | 200 | 500 | 300 | 300 | 300 | 200 | 200 | 500 | 250 | 500 | 2000 | 200 | 250 |
| Parapuzha | - | - | - | - | - | - | - | - | - | - | - | - | - |
| Pareekanny | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 150 | 650 | 100 | 100 |
| Pazhampillichal | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 550 | 50 | - |
| Peringuzha | 200 | 300 | 500 | 1000 | 300 | 200 | 300 | 500 | 200 | 500 | 1620 | 300 | 300 |
| Perumannoor | 100 | 100 | 100 | 200 | 100 | 100 | 100 | 500 | 100 | 100 | 1018 | 100 | 100 |
| Perumballichira | 150 | 150 | 150 | 150 | 150 | 150 | 150 | 300 | 150 | 150 | 1050 | 150 | 150 |
| Perumballoor | 100 | 100 | 500 | 675 | 100 | 100 | 100 | 200 | 100 | 100 | 1000 | 100 | 100 |
| Ponnanthanam | 150 | 150 | 1000 | 2000 | 150 | 150 | 150 | 2500 | 150 | 150 | 1162 | 150 | - |
| Pooyamkutty | 200 | 200 | 300 | 200 | 200 | 200 | 200 | 300 | 200 | 200 | 1155 | 200 | - |
| Pothanikad | 250 | - | - | 1000 | - | 250 | - | 3000 | - | 500 | 2775 | 250 | - |
| Puliyanpara | - | - | - | - | - | - | - | - | - | - | - | - | - |
| Punnamattam | 100 | 100 | 150 | 100 | 100 | 100 | 100 | 300 | 100 | 200 | 350 | 100 | 100 |
| Purapuzha | 100 | 100 | 400 | 1000 | 100 | 100 | 100 | 200 | 200 | 200 | 3980 | 100 | 100 |
| Rajagiri, | 100 | 100 | 175 | 200 | 100 | 100 | 100 | 350 | 100 | 100 | 575 | 100 | 100 |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Randar, | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 200 | 200 | 1090 | 200 | 200 |
| Thalayanad | 300 | 300 | 300 | 300 | 300 | 300 | 300 | 400 | 300 | 300 | 2460 | 300 | - |
| Thazhuvumkunnu | 3224 | 2937 | 3026 | 2954 | 2051 | 3294 | 2051 | 2448 | 3342 | 5995 | 1617 | 1000 | 1000 |
| Thennathoor | 100 | 100 | 200 | 200 | 100 | 100 | 100 | 2325 | 100 | 100 | 850 | - | - |
| Thodupuzha | 1400 | 1200 | 3400 | 4200 | 2000 | 1700 | 1800 | 4500 | 1400 | 900 | 4200 | 950 | 500 |
| Thodupuzha East | 150 | 150 | 300 | 1000 | 200 | 150 | 150 | 250 | 150 | 200 | 1300 | 150 | 150 |
| Thommankuth | 200 | 200 | 200 | 250 | 200 | 200 | 200 | 500 | 200 | 200 | 1250 | 200 | 200 |
| Thottakara | 200 | 200 | 500 | 300 | 200 | 200 | 200 | 500 | 200 | 200 | 1300 | 200 | 200 |
| Thrikariyoor | 50 | 50 | 100 | 100 | 50 | 50 | 50 | 50 | 50 | 50 | 650 | 50 | - |
| Udumpannoor | 250 | 250 | 1000 | 2000 | 250 | 150 | 150 | 4000 | 150 | 250 | 2448 | 150 | - |
| Uppukunnu | - | - | - | - | - | - | - | - | - | - | - | - | - |
| Urulanthanny | - | - | - | - | - | - | - | - | - | - | - | - | - |
| Vadakode | 1500 | 1325 | 1625 | 1450 | 1125 | 1175 | 1075 | 2950 | 1150 | 1100 | 600 | 850 | 1250 |
| Vadattupara | 100 | 100 | 100 | 100 | 100 | 100 | 100 | 300 | 100 | 100 | 1650 | 100 | 100 |
| Vandamattam | 100 | 100 | 1000 | 1000 | 100 | 100 | 100 | 1500 | 100 | 100 | 1700 | 100 | - |
| Vannappuram | 500 | 500 | 2000 | 500 | 500 | 500 | 500 | 1000 | 500 | 500 | 2000 | 500 | 500 |
| Vazhakala | 225 | 250 | 300 | 325 | 225 | 200 | 225 | 250 | 225 | 250 | 1300 | 225 | 250 |
| Vazhakulam | 1010 | 1020 | 5020 | 5010 | 1060 | 1025 | 1110 | 4300 | 1075 | 1150 | 3250 | 1310 | - |
| Vazhapilly East | 200 | 200 | 500 | 1000 | 250 | 100 | 200 | 350 | 150 | 150 | 1400 | 100 | 100 |
| Veliechal | 300 | 200 | 600 | 1000 | 200 | 350 | 300 | 2320 | 400 | 1000 | 5100 | - | 250 |
| Vettampara | 100 | 200 | 200 | 300 | 200 | 100 | 100 | 400 | 100 | 170 | 550 | 100 | 100 |
| Vettimattam | 250 | 500 | 500 | 250 | 500 | 250 | 250 | 500 | 500 | 250 | 1025 | 250 | 500 |

*01-03-2014* *Finance Officer*

## മൈനർ സെമിനാരി

*MS 5 /2014* **ദൈവവിളി ക്യാമ്പ്**

കോതമംഗലം രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി മൈനർ സെമിനാരിയിൽ വച്ച് 2014 മാർച്ച് 24, 25, 26 തീയതികളിൽ ദൈവവിളി ക്യാമ്പ് നടത്തുന്നു. ഈ ക്യാമ്പിൽ വച്ചാണ് ഇന്റർവ്യൂ നടത്തുന്നത്. SSLC, +2 പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ബ. വികാരിയച്ചന്മാർ



പ്രോത്സാഹിപ്പിച്ച് കത്തുനൽകി പറഞ്ഞയയ്ക്കുമല്ലോ. ക്യാമ്പ് 24-ാം തീയതി രാവിലെ 10 മണിയോടെ ആരംഭിച്ച് 26-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അവസാനിക്കും. ബ. വികാരിയച്ചന്മാരുടെ ദൈവവിളി പ്രോത്സാഹനത്തിന് സ്നേഹാദരങ്ങളോടെ നന്ദി!

P.S:- ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

*MS 6 /2014* **Angels' Meet**

മധ്യവേനൽ അവധിക്കാലത്ത് 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഏയ്ഞ്ചൽസ് മീറ്റ് പ്രോഗ്രാം നടത്തുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ കുരുന്നു മനസ്സുകളിൽ ഈശോയെ കൂടെ വസിക്കുന്ന കൂട്ടുകാരനായി പ്രതിഷ്ഠിക്കാനുള്ള മൈനർ സെമിനാരിയുടെ ഒരു എളിയ സംരംഭമാണിത്. കുഞ്ഞായിരിക്കുമ്പോൾ അവർക്ക് ലഭിക്കുന്ന വിശുദ്ധരുടെ മാതൃകകളും ഈശോയുടെ വ്യക്തിചിത്രവും മനസ്സിൽ മായാതെ നിൽക്കും. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഏയ്ഞ്ചൽസ് മീറ്റ് 2014 എന്ന പേരിൽ നമ്മുടെ മൈനർ സെമിനാരിക്കാർ നടത്തുന്ന പ്രോഗ്രാമിന് ബ. വികാരിയച്ചന്മാർ പ്രോത്സാഹനം നൽകുമല്ലോ.

മൈനർ സെമിനാരി മുതൽ തിരുപ്പട്ട സ്വീകരണം വരെയുള്ള പരിശീലനകാലഘട്ടത്തിൽ വ്യത്യസ്ത Age Group കളിലുള്ളവരുമായി സംവദിക്കാനുള്ള കഴിവ് സെമിനാരിക്കാരിൽ വളർത്തുക എന്ന ലക്ഷ്യവും ഈ സംരംഭത്തിന് പിന്നിലുണ്ട്. ഹൈസ്കൂൾ തലം മുതലുള്ളവരുടെ ധ്യാനവും ക്യാമ്പും മേജർ സെമിനാരിക്കാർ ഒരുങ്ങി നടത്തുന്നതാണ്.

